2016 ജനുവരി മാസം 19-ന് നടന്ന 96-ാമത് സംയുക്ത ജല ക്രമീകരണസമിതി (JWRB) യോഗത്തിലുണ്ടായ തീരുമാനമനുസരിച്ച് മണക്കടവ് വിയറിൽ ചിറ്റൂർപുഴ പദ്ധതി പ്രദേശത്തിന്റെ കാർഷികാവശ്യങ്ങൾക്കായി 2016 മാർച്ച് അവസാനം വരെ ലഭ്യമാക്കുന്ന ജലത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

Fortnight	Quantity as per Agreement in Mcft	Agreed Quantity in Mcft
January II/2016	470	500
February I/2016	100	450
February II/2016	100	400
March I/2016	240	400
March II/2016	240	250

പി.എ.പി. കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ടുന്ന ജലവിഹിതം നേടിയെടുക്കുന്നതിന് സംസ്ഥാന സർക്കാർ സാദ്ധ്യമായ എല്ലാ നടപടികളും സമയബന്ധിതമായി സ്വീകരിച്ചുവരുന്നുണ്ട്.

കരാറിലെ വ്യവസ്ഥകൾ പ്രകാരം ഷോളയാർ റിസർവോയർ നിറയ്ക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതിന് സംസ്ഥാന സർക്കാരും, ജലസേചനവകുപ്പും, സംസ്ഥാന വൈദ്യുതി ബോർഡും തമിഴ്നാടിനോട് യഥാസമയം അഭ്യർത്ഥിച്ചിട്ടുണ്ട്. കരാറിലെ വ്യവസ്ഥകൾ പാലിക്കുന്നതിന് സാങ്കേതിക കാരണങ്ങളാൽ തടസ്സങ്ങൾ ഉണ്ടായാൽ; ആയത് പരിഹരിക്കുന്നതിനും, എത്രയും പെട്ടെന്ന് പ്രശ്നം പരിഹരിച്ച് കരാർ വ്യവസ്ഥ പ്രകാരം സംസ്ഥാനത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കുന്നതിനും കരാർ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാനും തമിഴ്നാടിനോട് കേരളം യഥാസമയം ആവശ്യപ്പെടാറുണ്ട്. പി.എ.പി. കരാർ പ്രകാരം സംസ്ഥാനത്തിന് അർഹതപ്പെട്ട മുഴുവൻ ജലവും നേടിയെടുക്കുന്ന കാര്യത്തിൽ അതീവ ജാഗ്രത വേണമെന്നുള്ള നിലപാടിൽ ഉറച്ചുനിന്നുകൊണ്ട് അതിനാവശ്യമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

ഒരു ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ സംവിധാനം

67 (1807) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ഓഫീസിന് ഒരു ഡി.ഡി.ഒ. (ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ) സംവിധാനം ഏർപ്പെടുത്തിയതു മൂലമുണ്ടായ പോരായ്മകൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സംവിധാനം നടപ്പിലാക്കിയപ്പോൾ ജീവനക്കാരുടെ അധിക ജോലിഭാരത്തെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം സംവിധാനം കാര്യക്ഷമമായി നടത്തുന്നതിന് ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ -സി)

സംസ്ഥാനത്ത് സംയോജിത ധനകാര്യ മാനേജ്മെന്റ് ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കിയിട്ടുള്ള വിവിധ പരിഷ്കാരങ്ങളിലൊന്നാണ് 'ഒരു ഓഫീസ്, ഒരു ഡി.ഡി.ഒ. സംവിധാനം'. 7-9-2015-ലെ സ.ഉ.(സാധാ.) നമ്പർ 391/2015/ധന ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണം one office one DDO സിസ്റ്റം വഴിയാക്കുകയുണ്ടായി. ഇതുവഴി ഗസറ്റഡ് ഉദ്യോഗസ്ഥർ സ്വന്തമായി ബില്ലെഴുതി ശമ്പളം മാറുന്ന സമ്പ്രദായം നിർത്തലാക്കുകയും പ്രസ്തുത ചുമതല ബന്ധപ്പെട്ട ഓഫീസിലെ ഡി.ഡി.ഒ.യിൽ നിക്ഷിപ്തമാകുകയും ചെയ്തു. 17-11-2015-ലെ സർക്കുലർ നമ്പർ 87/2015/ധന. യിൽ ഇതുസംബന്ധിച്ചുള്ള വിശദീകരണവും നൽകിയിരുന്നു.

Account Generating പോയിന്റുകൾ കുറയ്ക്കുക, ട്രഷറി ബില്ലുകളുടെ എണ്ണം കുറച്ച് ട്രഷറികളുടെ കാര്യക്ഷമത കൂട്ടുക, അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ സമർപ്പിക്കപ്പെടുന്ന വൗച്ചറുകളുടെ എണ്ണത്തിൽ കുറവു വരുത്തുക കൂടാതെ സ്വന്തം ശമ്പളബില്ലുകൾ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കുന്ന അധിക ജോലി ഭാരത്തിൽ നിന്ന് ഗസറ്റഡ് ഓഫീസർമാരെ മോചിപ്പിച്ച് അവരുടെ കർമ്മ മേഖലയിലെ സേവനം കൂടുതൽ ഊർജ്ജിതമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ഈ സംവിധാനം നടപ്പിലാക്കിയത്. സംസ്ഥാനത്തെ നാലര ലക്ഷത്തോളമുള്ള നോൺ ഗസറ്റഡ് ജീവനക്കാരുടെ ശമ്പളവും അലവൻസുകളും വിതരണം ചെയ്യുന്നത് ബന്ധപ്പെട്ട ഓഫീസുകളിലെ ഡി.ഡി.ഒ.മാരാണ്. ആയതിനാൽ അര ലക്ഷത്തോളം മാത്രം വരുന്ന ഗസറ്റഡ് ജീവനക്കാരുടെ ശമ്പളവിതരണവും കൂടി പ്രസ്തുത DDO മാരിൽ നിക്ഷിപ്തമാക്കുക വഴി കാര്യമായ അധിക ജോലിഭാരം ഉണ്ടാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം, കണ്ണൂർ ജില്ലകളിൽ ഇപ്പോൾ പ്രവർത്തിച്ച് വരുന്ന Regional SPARK help desk നൊപ്പം എറണാകുളം, കോഴിക്കോട് ജില്ലാ ട്രഷറികളിലും help desk-കൾ ആരംഭിക്കുന്നതാണ്. 25-1-2016 മുതൽ SPARK-PMU-ന്റെ പ്രവർത്തന സമയം 9 മുതൽ 6 വരെയായി ദീർഘിപ്പിച്ചിട്ടുണ്ട്. പുതിയ സംവിധാനത്തിലെ സംശയ ദൂരീകരണത്തിനായി ജില്ലാ തലത്തിൽ ട്രെയിനിംഗ് പ്രോഗ്രാമുകളും സംഘടിപ്പിച്ചുവരുന്നു.

ഗസറ്റഡ് ഉദ്യോഗസ്ഥൻമാരുടെ ശമ്പളം

68 (1808) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗസറ്റഡ് ഉദ്യോഗസ്ഥരുടെ ശമ്പളം ഇനി മുതൽ ഒന്നിച്ച് മാറിയെടുക്കണമെന്ന ധനവകുപ്പിന്റെ ഉത്തരവ്മൂലം ട്രഷറി വകുപ്പ് അടച്ചു പൂട്ടുന്ന സ്ഥിതിയിലേയ്ക്കും മാറുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂരിപക്ഷം ഗസറ്റഡ് ഉദ്യോഗസ്ഥന്മാരും ശമ്പളം മുഴുവനായി പിൻവലിക്കാത്തത് കാരണം ബാക്കി തുക നിക്ഷേപമായി സർക്കാരിന് ഉപയോഗിക്കത്തക്ക രീതിയിൽ കിടക്കുമായിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) ഇക്കാര്യത്തിൽ മുമ്പ് ഉണ്ടായിരുന്ന സംവിധാനം നിലനിർത്തി ട്രഷറി സേവിങ്സ് ബാങ്ക് സംവിധാനം ശക്തിപ്പെടുത്തി സംസ്ഥാന ഖജനാവിന് കൂടുതൽ ശക്തി പകരുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ-സി)

സംസ്ഥാനത്ത് സംയോജിത ധനകാര്യ മാനേജ്മെന്റ് ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കിയിട്ടുള്ള വിവിധ പരിഷ്കാരങ്ങളിലൊന്നാണ് 'ഒരു ഓഫീസ് ഒരു ഡി.ഡി.ഒ. സംവിധാനം'. 7-9-2015-ലെ സ.ഉ.(സാധാ) നമ്പർ 391/2015/ധന ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണം one office one DDO സിസ്റ്റം വഴിയാക്കുകയുണ്ടായി. ഇതുവഴി ഗസറ്റഡ് ഉദ്യോഗസ്ഥർ സ്വന്തമായി ബില്ലെഴുതി ശമ്പളം മാറുന്ന സമ്പ്രദായം നിർത്തലാക്കുകയും പ്രസ്തുത ചുമതല ബന്ധപ്പെട്ട ഓഫീസിലെ ഡി.ഡി.ഒ.യിൽ നിക്ഷിപ്തമാകുകയും ചെയ്തു. 17-11-2015-ലെ സർക്കുലർ നമ്പർ 87/2015/ധന. യിൽ ഇതുസംബന്ധിച്ചുള്ള വിശദീകരണവും നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly